**നാലാം വയസ്സിലെത്തിയ വിവരാവകാശ നിയമത്തിന് മുന്നിൽ വെല്ലുവിളികളേറെയാണ്, രാഷ്ട്രീയ നേതാക്കളും ഉദ്യോഗസ്ഥ വൃന്ദവും നിയമം ദുർബലപ്പെടുത്തി വിവരം സാധാരണക്കാരനിൽ നിന്ന് അകറ്റുകയാണെന്ന ആക്ഷേപം വ്യാപകമാണ്. നിയമത്തിന് മേൽനോട്ടം വഹിക്കേണ്ട സംസ്ഥാന വിവരാവകാശ കമ്മീഷനാകട്ടെ ബാലാരിഷ്ടത മാറുന്നുമില്ല. 2005 ഒക്ടോബർ 12 ന് പ്രാബല്യത്തിൽ വന്ന വിവരാവകാശ നിയമത്തിന്റെ പ്രാഥമിക നടപടിക്രമങ്ങളിൽ പലതും സർക്കാർ ഓഫീസുകളിൽ ഇനിയും പൂർത്തിയായിട്ടില്ല.**

• വിശകലനം



# വെല്ലുവിളികൾക്കിടയിൽ വിവരാവകാശ നിയമത്തിന് നാല് വയസ്സ്

പ്രശാന്ത് പരമേശ്വരൻ

തിരുവനന്തപുരത്ത് ഹൈകോർട്ട് ബെഞ്ച് സ്ഥാപിക്കാൻ നിയമമന്ത്രി വിജയകുമാർ കേന്ദ്ര നിയമമന്ത്രാലയത്തിന് അയച്ച നിവേദനത്തിന്റെ പകർപ്പ് ആവശ്യപ്പെട്ട് അഡ്വ ആസിഫലി ഫയൽ ചെയ്ത അപേക്ഷ നിയമവകുപ്പ് മടക്കി അയക്കുകയായിരുന്നു. കമ്മീഷനിൽ അപ്പീൽ നൽകി നിവേദനത്തിന്റെ തീരുമാനത്തിനെതിരെ വകുപ്പ് ഹൈക്കോടതിയിൽ റിട്ട് നൽകി. നിയമ നടപടി പുരോഗമിക്കുന്നതിനിടെ കേന്ദ്ര നിയമ വകുപ്പിന് വിവരാവകാശ അപേക്ഷ നൽകി. പകർപ്പ് അപേക്ഷകൻ കൈപ്പറ്റി. വിവരാവകാശ അപേക്ഷ പേടിച്ച് സർക്കാർ നടത്തിയ ലക്ഷങ്ങളുടെ ദുർവ്യയത്തിന് ഇതിലും നല്ല ഉദാഹരണം മറ്റൊന്നുമില്ല.

നാലാം വയസ്സിലെത്തിയ വിവരാവകാശ നിയമത്തിന് മുന്നിൽ വെല്ലുവിളികളേറെയാണ്, രാഷ്ട്രീയ നേതാക്കളും ഉദ്യോഗസ്ഥ വൃന്ദവും നിയമം ദുർബലപ്പെടുത്തി വിവരം സാധാരണക്കാരനിൽ നിന്ന് അകറ്റുകയാണെന്ന ആക്ഷേപം വ്യാപകമാണ്. നിയമത്തിന് മേൽനോട്ടം വഹിക്കേണ്ട സംസ്ഥാന വിവരാവകാശ കമ്മീഷനാകട്ടെ ബാലാരിഷ്ടത മാറുന്നുമില്ല. 2005 ഒക്ടോബർ 12 ന് പ്രാബല്യത്തിൽ വന്ന വിവരാവകാശ നിയമത്തിന്റെ പ്രാഥമിക നടപടിക്രമങ്ങളിൽ പലതും സർക്കാർ ഓഫീസുകളിൽ ഇനിയും പൂർത്തിയായിട്ടില്ല. സേവനങ്ങൾ, പരാതിപ്പെടൽ തുടങ്ങിയ നടപടിക്രമങ്ങൾ സംബന്ധിച്ച വിവരം സർക്കാർ ഓഫീസിന് മുമ്പിൽ പരസ്യപ്പെടുത്തണമെന്ന് സെക്ഷൻ നാലിൽ പറയുന്നുണ്ട്. ഇത് ഇനിയും നടപ്പായിട്ടില്ല. വിവരാവകാശ ഓഫീസറില്ലാത്ത സർക്കാർ ഓഫീസുകൾ ഏറെയാണ്. ചുമതലപ്പെടുത്തിയവർക്കാവട്ടെ ഫലപ്രദമായ പരിശീലനവും നൽകാനായില്ല. മുൻ സർക്കാർ നടപ്പാക്കിയ 10 രൂപ കോർട്ട് ഫീ സ്റ്റാമ്പ് ഒട്ടിച്ച് പരാതി എന്ന നടപടിക്രമം ഒഴിവാക്കി ചലാൻ, ഡി.ഡി എന്നിവ ഒട്ടിക്കണമെന്ന് വകുപ്പുകൾ നിർദേശിച്ചു തുടങ്ങിയിട്ടുണ്ട്. ഒരു ഫീസും ഈടാക്കാതെ വിവരം നൽകേണ്ട ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് ബ്ലോക്ക് ഓഫീസറുടെ പ്രത്യേക സാക്ഷ്യപ്പെടുത്താൻ വേണമെന്നാണ് ഇപ്പോൾ കമ്മീഷന്റെ ശാഠ്യം. നേരത്തെ റേഷൻകാർഡ് പകർപ്പ് മാത്രം മതിയായിരുന്നു വിവരാകാശ മറുപടി പൂർണ്ണമായി ഓഫീസിൽ നിന്ന് ലഭ്യമല്ലെങ്കിൽ ബന്ധപ്പെട്ട ഓഫീസിലേക്ക് കൈമാറ്റം ചെയ്യേണ്ട ഉത്തരവാദിത്തം പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്ക് ഉണ്ടെന്നാണ് നിയമം പറയുന്നത്. എന്നാൽ അപേക്ഷ തിരിച്ചയക്കുകയാണ് ഉദ്യോഗസ്ഥർ. സർക്കാർ ഓഫീസുകളിലെ വിവരാവകാശ ഓഫീസറുടെ മറുപടിയിൽ തൃപ്തികരമല്ലെങ്കിൽ വിവരാവകാശ നിയമം 18 പ്രകാരം അപേക്ഷകന് വിവരാവകാശ കമീഷനിൽ പരാതിപ്പെടാം. സിവിൽ കോടതിയുടെ അധികാരമാണ് ഈ വകുപ്പ് വിവരാവകാശ കമ്മീഷന് നൽകുന്നത്. ഇതുപ്രകാരം ബന്ധപ്പെട്ട ഉദ്യോഗസ്ഥനെ വിളിച്ചു വരുത്താനും രേഖകൾ പരിശോധിക്കാനും അധികാരം നൽകുന്നു. ഈ നിയമപ്രകാരം അപേക്ഷിക്കുന്നവരോട് തിരക്കിന്റെ പേരിൽ നിസ്സഹകരിക്കുകയാണ്.

വിവരാവകാശ കമീഷന് സെക്ഷൻ 18 പ്രകാരം 3676 പരാതികൾ ലഭിച്ചിട്ടുണ്ട്. 2892 അപേക്ഷകളിൽ തീർപ്പായി. കമീഷന് ലഭിച്ച 3447 അപ്പീൽ അപേക്ഷകളിൽ 2107 എണ്ണത്തിലെ തീർപ്പാക്കാനായുള്ളൂ. പൊതു അധികാരിയുടെ മറുപടി തൃപ്തികരമല്ലെങ്കിലാണ് അപ്പീൽ നൽകുക. പരാതിയും അപ്പീലും ഒഴിച്ച ബാക്കി

പരാതി കമീഷൻ 'പലവക' ഇനത്തിലാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്. ഇത്തരത്തിൽ 32, 233 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഇതിൽ 31, 928 ഉം തീർപ്പാക്കി. പലർക്കും ലഭിച്ചിട്ടുണ്ട്. നിയമപ്രകാരം 'ഉപദേശിക്കുന്നു എന്ന് കാണിച്ച മറുപടി സെക്ഷൻ 18 പ്രകാരം പരാതിപ്പെട്ട പലർക്കും ലഭിച്ചിട്ടുണ്ട്. നിയമപ്രകാരം 'ഉപദേശിക്കാൻ' കമ്മീഷന് അധികാരമില്ല. തീർപ്പാക്കിയെന്ന് കാണിച്ച് ഉപദേശിച്ച് വിടുന്ന കമ്മീഷൻ സമീപനം ശരിയല്ലെന്നാണ് വിവരാവകാശ പ്രവർത്തകരുടെ ആക്ഷേപം. കൂടാതെ പല പരാതികളും മുടന്തൻ ന്യായം പറഞ്ഞ് തിരിച്ചയച്ചതായും പരാതിയുണ്ട്. വിവരാവകാശ മറുപടി വൈകിച്ചതിനു തെറ്റായ വിവരം നൽകിയതിനുമായി സംസ്ഥാനമായി വിവിധ ഓഫീസുകളിലെ പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാർക്കെതിരെ 13,14,250 രൂപയാണ് വിധിച്ചത്. 101 കേസുകളിലായി 40 പേർക്കെതിരെയാണ് ഈ നടപടി. 2009 ജൂൺ മാസം വരെയുള്ള കണക്കാണിത്. പരമാവധി ചുമത്താവുന്ന പിഴയായ 25,000 രൂപ ഇരുപതോളം ജീവനക്കാർക്കെതിരെ വിധിച്ചിട്ടുണ്ട്. രാജ്ഭവനിലെ ഒരു പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്ക് 25,000 രൂപ വീതം രണ്ട് തവണ പിഴ ചുമത്തിയിട്ടുണ്ട്. കഴിഞ്ഞ ഏപ്രിൽ വരെ 5, 63, 188 രൂപ പൊതു ഖജനാവിന് പിഴ ഇനത്തിൽ ലഭിച്ചു. പിഴ ഈടാക്കിയ ഉദ്യോഗസ്ഥരിൽ 30 പേർക്ക്. വിദ്യാഭ്യാസ മേഖലയിലെ 18 പേർക്ക് പിഴ ചുമത്തി.

2006 ജനുവരി മുതലാണ് സംസ്ഥാനത്ത് കമീഷൻ പ്രവർത്തനം തുടങ്ങിയത്. മൂന്നു വർഷത്തെ കമ്മീഷൻ പ്രവർത്തന ചെലവ് 3,24,27,900 രൂപയാണ്. 2006 – 07 ൽ ശമ്പളയിനത്തിൽ 40,83,000 രൂപയും ഓഫീസ് നടത്തിപ്പിന് 66,89,000 രൂപയും ചെലവിട്ടിട്ടുണ്ട്. 2007–08ൽ 84,23,000 രൂപ ശമ്പളത്തിനും, 42,28,000 രൂപ ഓഫീസ് നടത്തിപ്പിനും ചിലവിട്ടു. 2008–09 കാലയളവിൽ യഥാക്രമം 1,14,50,000 രൂപയും 35,75,000 രൂപയുമാണ് ഈ ഇനത്തിൽ ചിലവ്. 2006 –07ൽ 22,220 അപേക്ഷയാണ് വിവിധ സർക്കാർ ഓഫീസുകളിൽ ലഭിച്ചതെങ്കിൽ 2007–08 കാലയളവിൽ 1,13,157 ആയി. അഞ്ചിരട്ടി വർധന. ഈ വർഷത്തെ കണക്കുകൾ ലഭ്യമല്ല. വിവരാവകാശ അപേക്ഷകളെ സംബന്ധിച്ച വിവരം വർഷാന്ത്യത്തിൽ കമ്മീഷനെ അറിയിക്കണമെന്നാണ് ചട്ടം. ആദ്യഘട്ടത്തിൽ ഇതിൽ വിമുഖത ഉണ്ടായിരുന്നുവെങ്കിലും ഇപ്പോൾ അറിയിച്ചുതുടങ്ങിയെന്ന് അധികൃതർ വ്യക്തമാക്കി. കമ്മീഷൻ മലപ്പുറത്ത് നടത്തിയ സിറ്റിംഗിലാണ് വിവരാവകാശ അപേക്ഷകൾ പൊതുതാൽപര്യത്തോടുകൂടി വേണമെന്ന നിർദ്ദേശം വെളിപ്പെടുത്തിയത്. പൊതു താൽപര്യമെന്ന നിർവചനം തന്നെ വിശദീകരണം കൂടുതൽ വേണമെന്നിരിക്കെ കമ്മീഷനെതിരെയുള്ള നീക്കങ്ങൾക്ക് തടയിടാനും വിവരാവകാശ അപേക്ഷകളെ തളർത്താനും മാത്രമെ അത് ഉപകരിക്കുവെന്ന് സംസ്ഥാന വിവരാവകാശ കൂട്ടായ്മയുടെ കണവീനർ കളം രാജൻ പറയുന്നു. ഇതിനെതിരെ വ്യാപകമായി പ്രചരണം നടത്താനും കൂട്ടായ്മ നടപടി സ്വീകരിച്ചുവരുന്നുണ്ട്.

കേന്ദ്ര – സംസ്ഥാന സർക്കാരുകാർക്ക് കേസുകൾ കേൾക്കാൻ പ്രത്യേകം ബഞ്ചുകൾ രൂപവത്കരിക്കാൻ അധികാരമില്ലെന്ന കേന്ദ്ര സർക്കാരിന്റെ ഉത്തരവിറങ്ങിയത് കമ്മീഷന്റെ പ്രവർത്തനങ്ങളെ ബാധിക്കുമെന്നാണ് വിലയിരുത്തൽ. നിലവിൽ മൂന്ന് ഇൻഫർമേഷൻ കമ്മീഷണർമാരും ഒരു ചീഫ് ഇൻഫർമേഷൻ കമ്മീഷണറും അടങ്ങുന്ന ഇൻഫർമേഷൻ കമ്മീഷനാണ് സംസ്ഥാന ചുമതല. നിലവിൽ ഓരോ കമ്മീഷണർമാർക്കും പരാതി കേട്ട് തീർപ്പ് കൽപ്പിക്കാം. എന്നാൽ കഴിഞ്ഞ മെയ് മാസത്തിൽ ഇറങ്ങിയ കേന്ദ്ര ഉത്തരവോടെ പൂർണ ബെഞ്ചിന് മാത്രമെ കേസുകൾ തീർപ്പാക്കാൻ അധികാരമുണ്ടാകു. ഇത് കമ്മീഷന് മുമ്പിൽ കൂടുതൽ കേസുകൾ കെട്ടിക്കിടക്കാനെ ഉപകരിക്കുകയുള്ളുവെന്ന് വിവരാവകാശ ആക്ടിവിസ്റ്റായ അഡ്വ. ഡിബി. ബിനു അഭിപ്രായപ്പെട്ടു.

വിവരാവകാശ അകിടിവിസ്റ്റുകളായ പ്രവർത്തകർ നാലാം വാർഷിക ആഘോഷിക്കുന്നുണ്ടെങ്കിലും കമ്മീഷൻ ആലസ്യത്തിലാണ്. ഇത്തവണ ദിനാചരണങ്ങളോ ആഘോഷങ്ങളോ ഇല്ലെന്ന് വിവരാവകാശ കമ്മീഷൻ ഓഫീസിൽ നിന്ന് അറിയിച്ചു.

75 രാഷ്ട്രങ്ങളിൽ വിവരാവകാശ നിയമം നടപ്പിലാക്കിയിട്ടുണ്ട്. 1766 ൽ സ്വീഡനിലാണ് നിയമം ആദ്യം നടപ്പാക്കിയത് ആഗോളവത്കരണ യുഗത്തിൽ സുതാര്യത സർക്കാർ സംവിധാനത്തിൽ ഉറപ്പാക്കാനാണ് നിയമം ഈ രാജ്യങ്ങളിൽ നടപ്പാക്കിയത്. ഇന്ത്യയിൽ 2005 ജൂണിലാണ് നിയമത്തിന്റെ ഗസറ്റ് വിജ്ഞാപനം വന്നത്. നിയമം പൂർണമായി ഫലപ്രാപ്തിയിലെത്തിയില്ലെങ്കിലും നാലു വർഷത്തിനിടെ മൂടിവെക്കപ്പെട്ട പല യാഥാർഥ്യങ്ങളേയും പുറത്തുകൊണ്ടുവരാൻ ഈ നിയമം കൊണ്ട് കഴിഞ്ഞു.

## വിവരാവകാശ പോരാട്ടം

കൊച്ചി : വിവരാവകാശ നിയമപ്രകാരമുള്ള കണക്കുകൾ വിവാദങ്ങളാകുമ്പോൾ അതിനുപിന്നിലെ സ്ഥിര സാന്നിധ്യമാണ് അഡ്വ. ഡി.ബി. ബിനു. 'ദ ഹ്യൂമൻ റൈറ്റ്സ് ഡിഫൻസ്' ഫോറത്തിന്റെ പോരാളി. ഉദ്യോഗസ്ഥ വൃന്ദത്തിന്റെ അലംഭാവത്തിന് പുറകെക്കൂടി അവർക്ക് പരമാവധി പിഴ ശിക്ഷ നൽകിയ ചിലരുടെ പേരുകളിൽ അഡ്വ. ഡി.ബി. ബിനുവുമുണ്ട്. മാറാട് കമ്മീഷൻ റിപ്പോർട്ട് വിവരാവകാശ നിയമപ്രകാരം നൽകാൻ ആഭ്യന്തര വകുപ്പ് വിസമ്മതിച്ചപ്പോൾ പോരാട്ടത്തിലൂടെ വിവരാവകാശ കമ്മീഷൻ ഉത്തരവിലൂടെ റിപ്പോർട്ട് സ്വന്തമാക്കി ബഹുജനസമക്ഷം അവതരിപ്പിച്ചു. കുമ്പളം അരൂർ അനധികൃതമായി ദേശീയ പാതാ അതോറിറ്റി പിരിച്ച ടോളിലെ കള്ളക്കളികൾ ഹ്യൂമൻ റൈറ്റ്സ് ഡിഫൻസ് ഫോറം വെളിച്ചത്ത് കൊണ്ടുവന്നു. ഇതുപോലെത്തന്നെയായിരുന്നു പുതുപൊന്നാനി പാലത്തിന്റേയും അവസ്ഥ. പാലങ്ങൾ പണിയാനാവശ്യമായ തുക ടോൾ പിരിവിൽ ലഭിച്ചിട്ടും ദേശീയ പാതാ അതോറിറ്റിയുടെ കീഴിൽ ഇവിടങ്ങളിൽ ടോൾ പിരിവ് തുടരുകയായിരുന്നു. ഇത്തരം വെളിപ്പെടുത്തലുകൾ ഡി.ബി. ബിനുവിന്റെ പോരാട്ടങ്ങളിൽ ചിലതുമാത്രം. മികച്ച വിവരാവകാശ പ്രവർത്തകനുള്ള ഏതാനും പുരസ്കാരങ്ങളും ഇദ്ദേഹം സ്വന്തമാക്കി.